II ഇ.ബി. XII കേരള നിയമസഭ/XV-16

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

**2010 ജൂലൈ 20, ചൊവ്വ**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

51 (*451) **ധനവിനിയോഗ രംഗത്ത് വിവിധ വകുപ്പുകളിലെ അധികാര വികേന്ദ്രീകരണം**

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) നൽകിയ മറുപടിയിൽ, കെ.വി. രബീന്ദ്രൻ നായർ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 06-08-08-ലെ ഉത്തരവ് പ്രകാരം സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകൾക്കും വകുപ്പ് തലവൻമാർക്കും ധനവിനിയോഗാധികാരം വർദ്ധിപ്പിച്ചിട്ടുണ്ടെന്നും ചില വകുപ്പ് തലവൻമാർക്ക് അവരുടെ വകുപ്പിന്റെ പ്രത്യേകത കണക്കാക്കി ഭരണ നിർവ്വഹണം നടത്തുന്നതിന് സാമ്പത്തികാധികാരത്തിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഭരണപരമായ ആവശ്യം ഉണ്ടെന്ന് തോന്നുകയാണെങ്കിൽ ഉദ്യോഗസ്ഥരുടെ സാമ്പത്തികാധികാരത്തിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തുന്നതാണ്. രബീന്ദ്രൻ നായർ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ടബിലിറ്റിയും സുതാര്യതയും ഉറപ്പുവരുത്തുന്ന നിബന്ധനകളോടുകൂടി പൊതുമരാമത്ത് വകുപ്പിലെ ധനവിനിയോഗ അധികാരങ്ങൾ

വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്. നേരിട്ട് വർക്കുകൾ എക്സിക്യൂട്ട് ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പിലെ എല്ലാ എ.ഇ.മാർക്കും 50,000 രൂപ വരെ ഇംപ്രസ്ഡ് മണിയായി കൊടുക്കുന്നുണ്ടെന്നും ട്രഷറി കമ്പ്യൂട്ടറൈസേഷന്റെ അടിസ്ഥാനത്തിൽ മാത്രമേ കൂടുതൽ വിപുലമായ സാമ്പത്തികാധികാര വികേന്ദ്രീകരണം സാദ്ധ്യമാകുകയുള്ളൂവെന്നും പ്ലാൻ സ്കീമുകൾക്ക് ബന്ധപ്പെട്ട വകുപ്പിന് പണം ചെലവാക്കാവുന്നതാണെന്നും നോൺ പ്ലാനിൽ വേയ്സ് ആന്റ് മീൻസിന് അഞ്ച് കോടി രൂപയിൽ അധികരിച്ചാൽ മാത്രമേ ഫിനാൻസ് വകുപ്പിന്റെ പ്രത്യേക അനുവാദം വാങ്ങേതുള്ളൂവെന്നും അമ്പത് കോടി രൂപയേക്കാൾ കൂടുതലുള്ള പ്രോജക്ടുകൾക്ക് ക്യാബിനറ്റിന്റെ അംഗീകാരം വാങ്ങേണ്ടതാണെന്നും സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പുകളുടെ അനുമതിക്കായി രണ്ടാഴ്ച മുമ്പ് ഫയൽ സമർപ്പിച്ചിരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. വളരെ ലാഭകരമായും കാര്യക്ഷമമായും പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സ്റ്റാർ പദവി നൽകി സാമ്പത്തികാധികാരം ഉൾപ്പെടെയുള്ള എല്ലാ ആട്ടോണമിയും നൽകാവുന്നതാണ്. അനന്തമായി നീട്ടിക്കൊണ്ടുപോകുന്ന പ്രോജക്ടുകൾക്ക് റിസ്ക് ആന്റ് കോസ്റ്റ് അടിസ്ഥാനത്തിൽ കോൺട്രാക്റ്റർമാരിൽ നിന്നും തുക ഈടാക്കുന്നതാണെന്നും ടെൻഡർ നടപടികൾ ലളിതവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഈ വർഷം റിവൈസ് ചെയ്ത റേറ്റാണ് നിലവിലുള്ളതെന്നും പുതുക്കിയ റേറ്റ് പ്രകാരം റോഡുകൾക്ക് ടെൻഡർ എക്സസ്സ് അനുവദിക്കുകയില്ലെന്നും അങ്ങനെ വന്നാൽ റീ ടെണ്ടർ ചെയ്യുന്നതാണെന്നും പാലങ്ങൾക്കും മറ്റും അഞ്ച് ശതമാനം എക്സസ്സ് നൽകുന്നതിന് അനുവാദം കൊടുക്കാവുന്നതാണെന്നും പാലങ്ങളും മറ്റും നിർമ്മിക്കുന്നതിന് ഡിസൈൻ തയ്യാറാക്കുന്ന

തിനുള്ള റേറ്റ് റിവൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. ആഗസ്റ്റ് മാസം പുതിയ പി.ഡബ്ല്യു.ഡി. മാന്വൽ നിലവിൽ വരുന്നതാണെന്നും എം.എൽ.എ/എം.പി. ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന വർക്കുകളെ സംബന്ധിച്ച് സമഗ്രമായി പരിശോധിച്ച് പരാതികൾ പരിഹരിക്കുന്നതാണെന്നും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ശുപാർശകൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് പരിശ്രമിക്കുന്നതാണെന്നും ആഡിറ്റ് കമ്മീഷനെ സംബന്ധിച്ചുള്ള ഭരണപരിഷ്ക്കാര കമ്മിറ്റിയുടെ നിർദ്ദേശം നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണെന്നും ഫിസ്ക്കൽ കൺസോളിഡേഷനുവേണ്ടി ക്ഷേമ പ്രവർത്തനങ്ങളിൽ വെട്ടിക്കുറവ് വരുത്തിയിട്ടില്ലെന്നും വരുമാനം പരമാവധി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും മൂലധനച്ചെലവിൽ ഗണ്യമായ മാറ്റമുണ്ടായിട്ടുണ്ടെന്നും പുതിയ ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം വായ്പകൾ മൂന്ന് ശതമാനമായി പരിമിതപ്പെടുത്തുകയും സംസ്ഥാനത്തിന്റെ മൊത്തം കടബാദ്ധ്യത സംസ്ഥാന വരുമാനത്തിന്റെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ലെന്നും ഇത് കേരളത്തിന്റെ വികസനത്തിന് ഹാനികരമായിട്ടുള്ളതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

52 (*452) <u>വനസംരക്ഷണ രംഗത്തെ പ്രവർത്തനങ്ങൾ</u>

വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) നൽകിയ മറുപടിയിൽ, റിസർവ്വ് വനവിസ്തൃതി വർദ്ധിപ്പിക്കൽ, വനം കയ്യേറ്റം തടയൽ, പങ്കാളിത്ത വനപരിപാലനം ശക്തിപ്പെടുത്തൽ, വന നിയമങ്ങളുടെ ഭേദഗതി, വന കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നടപടികൾ, ചന്ദനക്കാടുകളുടെ സംരക്ഷണം ഉറപ്പുവരുത്തൽ, സാമൂഹ്യ വനവൽക്കരണത്തിന് ഊന്നൽ നൽകിയുള്ള പ്രവർത്തനങ്ങൾ തുടങ്ങി വനസംരക്ഷണ രംഗത്ത്

ക്രിയാത്മകവും കാര്യക്ഷമവുമായ ഒട്ടേറെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. വന നയത്തിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്റെ ഭാഗമായി വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വനാതിർത്തികളുടെ സർവ്വേയും വേർതിരിക്കലും വാഹന-വാർത്താവിനിമയ-ആയുധ സൗകര്യ ങ്ങളുള്ള ഫോറസ്റ്റ് സ്റ്റേഷനുകൾ കൂടുതൽ സ്ഥാപിക്കൽ, ബോധവൽക്കരണ പരിപാടികളുടെ വിപുലീകരണം, വി.എസ്.എസ്/ഇ.ഡി.സി. അംഗങ്ങളുടെ പങ്കാളിത്തത്തോടെ അഗ്നി പ്രതിരോധ പ്രവർത്തനങ്ങളും ജനപങ്കാ ളിത്തത്തോടെയുള്ള വനപരിപാലനവും ആദിവാസികൾ അടക്കമുള്ള വനാശ്രിത സമൂഹത്തിനായുള്ള വികസന പ്രവർത്തനങ്ങളും ഇന്റലിജന്റ്സ് സെല്ലിന്റെ പ്രവർത്തനവും ഊർജ്ജിതമാക്കൽ, സംരക്ഷിത മേഖലകൾക്കും മറ്റ് ജൈവ വൈവിദ്ധ്യ പ്രാധാന്യമുള്ള വന മേഖലകൾക്കും പ്രത്യേക സംരക്ഷണ പദ്ധതികളും സംസ്ഥാന വനവികസന ഏജൻസി, വനശ്രീ എന്നീ പദ്ധതികളും ചന്ദന സംരക്ഷണത്തിനായി നിയമഭേദഗതിയും ഡോഗ് സ്ക്വാഡ് രൂപീകരണവും കഞ്ചാവ് കൃഷി, വ്യാജ ചാരായവാറ്റ്, വന്യമൃഗവേട്ട എന്നിവ തടയുന്നതിന് പോലീസ്, എക്സൈസ് വകുപ്പുകളുമായും അയൽ സംസ്ഥാന ഉദ്യോഗസ്ഥരുമായും ചർച്ചയും സഹകരണവും എന്നിവ ശക്തി പ്പെടുത്തുന്നുണ്ട്. അനധികൃത വന്യജീവി വ്യാപാരവും സംഘടിത വനം-വന്യജീവി കുറ്റകൃത്യങ്ങളും തടയുന്നതിന്റെ ഭാഗമായി ദക്ഷിണേന്ത്യയിലെ വനം മന്ത്രിമാരുടെ സമ്മേളനങ്ങളും വനം, പോലീസ്, എക്സൈസ് ഉദ്യോഗസ്ഥരെ ഉൾക്കൊള്ളിച്ച് ശില്പശാലകളും നടത്തുന്നുണ്ടെന്നും കടുവ/പുലിത്തോലുകൾ, പാമ്പിൻ വിഷം, ആനക്കൊമ്പ് തുടങ്ങിയവ നിരന്തരമായ റെയ്ഡുകളിലൂടേയും പരിശോധനകളിലൂടേയും കണ്ടെടുത്തി

ട്ടുണ്ടെന്നും വനമേഖലകളിൽ തീവ്രവാദി സാന്നിദ്ധ്യം തടയുന്നതിനുവേണ്ടി വന ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരികയാണെന്നും മന്ത്രി വ്യക്തമാക്കി. ഹരിത തീരം പദ്ധതിയുടെ ഭാഗമായി തീരപ്രദേശങ്ങളിൽ 163 ഹെക്ടർ സ്ഥലത്ത് മരങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ടെന്നും മണ്ണൊലിപ്പ് തടയുന്നതിന് കാടുകൾക്കുള്ളിൽ തടയണ കെട്ടാനും ജലം സംരക്ഷിക്കാനുമുള്ള പദ്ധതികളുമായി മുന്നോട്ട് പോകുന്നുണ്ടെന്നും ജിയോ ടെക്സ്റ്റൈൽസിന്റെ സാദ്ധ്യത പരിശോധിക്കുമെന്നും കൊച്ചി നഗരത്തിലെ മംഗളവനം സംരക്ഷിച്ച് വികസിപ്പിക്കുന്നതിന് സാദ്ധ്യമാകുന്നതെല്ലാം ചെയ്യുന്നതാണെന്നും ജൈവ വൈവിദ്ധ്യത്തേയും വനങ്ങളേയും ദോഷകരമായി ബാധിക്കാത്ത വിധത്തിൽ വികസന പദ്ധതികൾ നടപ്പാക്കുന്നതാണെന്നും നീലക്കുറിഞ്ഞി സാങ്ച്വറിയിൽ കൂടുതൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നില്ലെന്നും വനം വച്ചുപിടിപ്പിക്കുന്നതിന് വിട്ടുതരുന്ന സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രോജക്ട് കേന്ദ്ര ഗവൺമെന്റിന് സമർപ്പിട്ടുണ്ടെന്നും ഫണ്ട് ലഭ്യമായാൽ അത് നടപ്പിലാക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. കണ്ടൽക്കാടുകൾ സംരക്ഷിക്കാനാവശ്യമായ കർമ്മ പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. വി.എസ്.എസ്-കളുടെ ഫണ്ടിന്റെ വിനിയോഗത്തിനുവേണ്ടി പദ്ധതിയുണ്ടാക്കേണ്ട ചുമതല ഫോറസ്റ്റ് ഏജൻസികൾക്കാണെന്നും വാഴച്ചാലിലെത്തുന്ന ടൂറിസ്റ്റുകൾക്കുവേണ്ട അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണെന്നും ഫോറസ്റ്റ് വാച്ചർമാർക്ക് ശമ്പള വർദ്ധനവും യൂണിഫോമും അനുവദിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി.

53 (*453) **<u>ഇന്റേണൽ ഓഡിറ്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടി</u>**

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, വിവിധ വകുപ്പുകളിലെ ഇന്റേണൽ ഓഡിറ്റ് വിഭാഗങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും അവർ തയ്യാറാക്കുന്ന ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ടുകൾ പരിശോധിച്ച് തുടർനടപടികൾ നിർദ്ദേശിക്കുന്നതിനുമായി ധനകാര്യ വകുപ്പിൽ "ഇന്റേണൽ ഓഡിറ്റ് സെൽ" പ്രവർത്തിച്ചു വരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. വിവിധ വകുപ്പുകളിൽ ഇന്റേണൽ ഓഡിറ്റ് വിഭാഗം രൂപീകരിക്കുന്നതിനുള്ള സർക്കുലർ നിർദ്ദേശം നൽകിയതിനു പുറമേ പ്രസ്തുത സർക്കുലറുകളും ഇന്റേണൽ ഓഡിറ്റ് സംബന്ധമായ മാർഗ്ഗനിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ച് ഒരു കൈപ്പുസ്തകവും തയ്യാറാക്കി എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും ലഭ്യമാക്കിയിട്ടുണ്ട്. ഇന്റേണൽ ഓഡിറ്റ് സെല്ലിന്റെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനായി നാളിതു വരെയുള്ള ഇന്റേണൽ ഓഡിറ്റ് സംവിധാനത്തിന്റെ പ്രവർത്തനം സംബന്ധിച്ചുള്ള സമഗ്ര വിവരങ്ങൾ സർക്കാരിന് റിപ്പോർട്ട് ചെയ്യുന്നതിനും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം അനുവദനീയമായ ഫണ്ടിൽ കൂടുതൽ ചെലവഴിക്കുന്നത് പ്രത്യേകം നിരീക്ഷിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനും എല്ലാ വകുപ്പ് അദ്ധ്യക്ഷൻമാർക്കും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നും ഇന്റേണൽ ഓഡിറ്റ് ഖണ്ഡികകൾ തീർപ്പാകാതെ വർദ്ധിച്ചുവരുന്നത് തടയുന്നതിനും അവ സമയബന്ധിതമായി തീർപ്പാക്കുന്നതിനും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം ഇതുസംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. വിവിധ വകുപ്പുകളിലെ

ചെലവുകൾ അതതു ദിവസം കൺസോളിഡേറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും വരവ് ചെലവുകളുടെ റിക്കൺസിലിയേഷൻ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചി ട്ടുണ്ടെന്നും റിക്കൺസിലിയേഷൻ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് അയച്ചു കൊടുക്കുവാൻ വിവിധ സർക്കുലറുകൾ/അർദ്ധ ഔദ്യോഗിക കത്തുകൾ പ്രകാരം വകുപ്പ് സെക്രട്ടറിമാർക്കും കൺട്രോളിംഗ് ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ആഡിറ്റിംഗിന് ഇ-ഗവേണൻസ് സൗകര്യം ഏർപ്പെടുത്തേണ്ടതുണ്ടെന്നും ഇത് പൂർണ്ണമായി കംപ്യൂട്ടർവൽക്കരിക്കുന്നതിനും ട്രഷറികൾ തമ്മിൽ ഇന്റർകണക്ഷൻ കൊണ്ടുവരുന്നതിനും ട്രഷറിയിലെ കമ്പ്യൂട്ടർ സംവിധാനവും എ.ജിയുടേയും വിവിധ വകുപ്പുകളുടേയും കമ്പ്യൂട്ടറു കളുമായി സംയോജിപ്പിക്കുന്നതിനുംവേണ്ടിയുള്ള സമഗ്രമായ പരിപാടി ട്രഷറിയിൽ നടപ്പിലാക്കിവരികയാണെന്നും ഇന്റേണൽ ആഡിറ്റർമാർക്ക് പരിശീലനം നൽകുന്നതാണെന്നും സ്പാർക്ക് സംവിധാനം നടപ്പിലാക്കുന്ന തോടുകൂടി എസ്റ്റാബ്ലിഷ്മെന്റ് വിംഗിൽ അധികമായി വരുന്ന ജീവനക്കാരെ ഇന്റേണൽ ഓഡിറ്റിംഗിനുവേണ്ടി പുനർവിന്യസിക്കാൻ കഴിയുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

54 (*454) **<u>ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റികൾ</u>**

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) നൽകിയ മറുപടിയിൽ, അതാത് പഞ്ചായത്തുകളിലെ പൊതുവിതരണ സംവിധാനം പരാതികൾക്കിട നൽകാതെ കാര്യക്ഷമവും സുതാര്യവുമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും

പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും ഗുണനിലവാരമുള്ള റേഷൻ സാധനങ്ങൾ ശരിയായ അളവിലും തൂക്കത്തിലും വിതരണം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ഗുണഭോക്താക്കളെ കണ്ടെത്തുന്നതു സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും ന്യായവില ഡിപ്പോകളുടെ നടത്തിപ്പും മറ്റ് പ്രവർത്തനങ്ങളും തുടർച്ചയായി മോണിറ്റർ ചെയ്യുന്നതിനുമായി പഞ്ചായത്ത് തലത്തിൽ അതാത് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർ കൺവീനറും വാർഡ് മെമ്പർ, നിയമ സഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയപാർട്ടികളുടെ ഓരോ പ്രതിനിധികൾ, റേഷനിംഗ് ഇൻസ്പെക്ടർ, ലീഗൽ മെട്രോളജി, റവന്യൂ, ആരോഗ്യം, പഞ്ചായത്ത്, പോലീസ് എന്നീ വകുപ്പുകളുടെ ഓരോ പ്രതിനിധികൾ എന്നിവർ അംഗങ്ങളുമായുള്ള ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കാൻ അതാത് താലൂക്ക് സപ്ലൈ ഓഫീസർമാരെ ചുമതലപ്പെടുത്തി ക്കൊണ്ട് 30-06-2010-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കമ്മിറ്റിയിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളുടെ നിർവ്വഹ ണത്തിനും അതാത് പഞ്ചായത്തിലെ പൊതു വിതരണ സംവിധാനം സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും രണ്ട് മാസത്തിലൊരിക്കൽ ഭക്ഷ്യോപദേശക-വിജിലൻസ് കമ്മിറ്റികൾ വിളിച്ച് ചേർക്കണമെന്ന് ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. റേഷൻ വിതരണത്തിലെ അഴിമതി കണ്ടുപിടിക്കുന്നതിനായി വ്യാപകമായി റെയ്ഡുകൾ നടത്തിക്കൊണ്ടിരിക്കുകയാണെന്നും 526 റേഷൻ കടകളുടെ ലൈസൻസ് റദ്ദാക്കുകയും 22 ഹോൾസെയിൽ കടകളുടെ ലൈസൻസ് ക്യാൻസൽ ചെയ്യുകയുമുണ്ടായിയെന്നും റെയ്ഡുകൾ ഇപ്പോഴും തുടരുക

യാണെന്നും റേഷൻകടകളുടെയെല്ലാം സംവിധാനങ്ങൾ ചിട്ടപ്പെടുത്താൻ 60 കോടി രൂപയുടെ ഒരു പ്രോജക്ട് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും അത് അംഗീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും അളവ് തൂക്കങ്ങളിലെ വെട്ടിപ്പ് കണ്ടുപിടിക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

55 (* 455) <u>**റേഷൻ സാധനങ്ങളുടെ ഗുണനിലവാരം**</u>

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, എഫ്.സി.ഐ. വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ ധാന്യങ്ങൾ കർക്കശമായി പരിശോധിച്ചുവരുന്നുണ്ടെന്നും ഗുണനിലവാരം പരിശോധിക്കാൻ ഒരു ഉദ്യോഗസ്ഥനെ നിയോഗിച്ചിട്ടുണ്ടെന്നും ഗുണനില വാരത്തിലെന്തെങ്കിലും കുറവുണ്ടെങ്കിൽ അത് സ്വീകരിക്കേണ്ടെന്ന് ഉദ്യോഗ സ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഉദ്യോഗ സ്ഥരുടെ സർട്ടിഫിക്കറ്റ് അനുസരിച്ച് ഗുണനിലവാരമുള്ള ഭക്ഷ്യധാന്യങ്ങൾ മാത്രമേ റേഷൻ കടകളിൽ സ്വീകരിക്കാൻ പാടുള്ളൂവെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഗുണനിലവാരം കുറഞ്ഞ ഭക്ഷ്യധാന്യങ്ങൾ കന്നുകാലിത്തീറ്റയ്ക്കും മറ്റും ഉപയോഗിക്കണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടുകൊണ്ടിരിക്കുക യാണെന്നും തലശ്ശേരി എഫ്.സി.ഐ-യുടെ മുഴുപ്പിലങ്ങാട് ഡിപ്പോയിലെ തൊഴിൽപ്രശ്നം പരിഹരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 4329 മുതൽ 4603 വരെയുള്ള ചോദ്യങ്ങളിൽ 181 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)